has been accepted and even carried into effect. I have only to make one more request to the Government before I formally crave the permission of the House to withdraw my resolution and that is, the Government should take particular care to see that the spirit of that order is carried out. With this request I beg leave of the House to withdraw my resolution.

Resolution was with the leave, withdrawn.

Abolition of unapproachability and untouchability in the State.

Mr. K. Ayyappan—Sir, the resolution I have tabled is this :—

"*This Council recommends to the Government to issue a proclamation abolishing unapproachability and untouchability in the State*".

സർ, ഈ നിശ്ചയത്തെപ്പറ്റി ഒരു പ്രസംഗവും ചെയ്യേണ്ട ആവശ്യമില്ല. ഇതു് രണ്ടോ മൂന്നോ പ്രാവശ്യം ഈ നിയമസഭ പാസ്സാക്കീട്ടുള്ള ഒരു വിഷയമായതുകൊണ്ടു് ഞാൻ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഗവർമ്മെണ്ടിനു് ഇതുപോലെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും ചെയ്യണമെന്നു മനസ്സിൽ താല്പര്യമുണ്ടെന്നു് എനിക്കറിയാം. അതുകൊണ്ടു ഗവർമ്മെണ്ടിൽനിന്നു ഇതിൽ വേണ്ടതു പ്രവൃത്തിക്കുവാൻ ഗവർമ്മെണ്ടിനു് ശക്തി കൂട്ടുന്നതിനുവേണ്ടിയാണു് ഈ റസല്യൂഷൻ വീണ്ടും അവതരിപ്പിക്കുന്നതു്. വല്ല സമാധാനവും ഗവർമ്മെണ്ടിനു് പറവാനുണ്ടായിരുന്നുവെങ്കിൽ അതെല്ലാം മുമ്പിലത്തേക്കാൾ ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടു്. മഹാത്മാഗാന്ധിയുടെ നാലഞ്ചുമാസത്തെ ഇൻഡ്യാ സഞ്ചാരംകൊണ്ടു് അദ്ദേഹം ജനങ്ങളുടെ അഭിപ്രായത്തെ വളരെ മാറ്റിയിട്ടുണ്ടായിരിക്കണം. അയിത്താചാരനാശത്തിനു് എന്നു വേണ്ട ക്ഷേത്രപ്രവേശനത്തിനു കൂടിയും അദ്ദേഹം ചെയ്ത യാത്രയും എല്ലാ സ്ഥലത്തും വളരെ ആളുകൾകൂടി വള, മോതിരം മുതലായവ സമ്മാനിച്ചതുമെല്ലാം ആളുകളുടെയിടയിൽ മുമ്പിലത്തെ അഭിപ്രായങ്ങളെല്ലാം വളരെ മാറ്റിയിട്ടുണ്ടെന്നുള്ളതിനു് ഒരു തെളിവാണു്. ഗവർമ്മെണ്ടിനു് ഇതിൽ അനുകൂലമായ ഒരു സ്ഥിതിയാണുള്ളതു്. ഇതു് ഏതെങ്കിലും ഒരു വക്കീലന്മാരുടെ കാര്യമല്ലെന്നുള്ള സംഗതി ഗവർമ്മെണ്ടു പ്രത്യേകം മനസ്സിലാക്കണം. ഈ നിശ്ചയം നടപ്പാക്കുകയാണെങ്കിൽ നമ്മുടെ രാജ്യത്തിനു പുറത്തെങ്ങും വലിയ പ്രസംഗമാകുന്നതാണു്. മഹാത്മാഗാന്ധി ഹരിജൻ പത്രത്തിൽ നമ്മളെ സ്തുതിക്കും. മറ്റു നാട്ടുരാജ്യങ്ങൾ നമ്മളെ ദൃഷ്ടാന്തമായി അനുകരിക്കും. ഇതൊക്കെ സാധിക്കുവാൻ ഗവർമ്മെണ്ടിനു് ഒരു ചിലവും ഇല്ല. ഈ കാര്യത്തിൽ ഒരു ഫിനാൻഷ്യൽകമ്മിറ്റിമെണ്ടും ഇല്ല.

അയിത്തം ഒരു വലിയ അപമാനമാണു്. അയിത്തമില്ലാത്ത നാട്ടിൽനിന്നു വന്ന ദിവാൻജിക്കു് അതു് വേഗം മനസ്സിലാക്കു

LIBRARY ARCHIVES Kerala Legislative Assembly

വാൻ കഴിയും. എന്തെങ്കിലും ഈ കാര്യത്തിൽ പ്രവൃത്തിക്കണമെന്നു താല്പര്യക്കാരനാണ് അദ്ദേഹം എന്നും എനിക്കറിയാം. പൊതുജനാഭിപ്രായം ഇപ്പോൾ അയിത്തത്തിനെതിരാണ്. അതു് ഗവർമ്മെണ്ടു പ്രത്യേകം അറിയേണ്ടതാണ്.

ഹിന്തു സമുദായത്തെ രക്ഷിക്കണമെന്നുള്ള ബുദ്ധിമാന്മാരായ ഹിന്തുക്കളെല്ലാം ഇപ്പോൾ അയിത്തം ഇല്ലാതാക്കുവാൻ ഉത്സാഹികളാണ്. മഹാത്മാഗാന്ധിതന്നെ ഈ പ്രസ്ഥാനത്തിന്നിറങ്ങിയതു് അദ്ദേഹം ഒരു ഹിന്തുവല്ലാത്തതുകൊണ്ടല്ല, ഹിന്തുമത തത്വങ്ങൾ അറിയാത്തതുകൊണ്ടല്ല, ഹിന്തുസമുദായങ്ങളുടെ താല്പര്യങ്ങളെ രക്ഷിക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല,—ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചുകൊണ്ടുപറയുന്നതല്ല.—ഹിന്തുക്കളെ രക്ഷിക്കുന്നതിനു വേണ്ടി മാത്രം അദ്ദേഹം ഈ പ്രസ്ഥാനത്തിനു് ഇറങ്ങി പുറപ്പെട്ടതാണെന്നാണ് എനിക്കു തോന്നുന്നതു്. അദ്ദേഹത്തെപ്പോലെ ബുദ്ധിയുള്ള ഹിന്തുക്കൾ ഇവിടെയുണ്ടെങ്കിൽ അവരുടെ കണ്ണു തുറക്കട്ടെ എന്നാണ് ഞാൻ പറയുന്നതു്. മഹാബുദ്ധിമാനും ബനിയാനുമായ—ബനിയാനാണെന്നു അദ്ദേഹംതന്നെ പറയുന്നു.—മഹാത്മാഗാന്ധി അയിത്തോച്ചാടനത്തിനു് ഇറങ്ങിയിരിക്കുന്നതു് ജാതി ഹിന്തുക്കൾ എല്ലാസംസ്ഥാനങ്ങളിലെ നിയമസഭകളിലും ന്യൂനപക്ഷക്കാരായി പോകാതിരിക്കുന്നതിനു് വേണ്ട പരിരക്ഷവരുത്തി വെക്കുവാനാണെന്നു അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ പരിശോധിച്ചിട്ടുള്ളവർക്കു എളുപ്പം മനസ്സിലാക്കാൻ കഴിയും. കമ്മ്യൂണൽ അവാർഡ് പ്രധാനമന്ത്രി പ്രഖ്യാപനം ചെയ്തുടനെ ഗാന്ധിജി പട്ടിണി പ്രഖ്യാപനം ചെയ്തതു് എന്തുകൊണ്ടാണെന്നു് ആലോചിച്ചു നോക്കുക. ശങ്കരാചാര്യന്മാരും എം. കെ. ആചാര്യന്മാരും പറയുന്ന വഴിക്കു പോയാൽ ഹിന്തു സമുദായം നശിക്കാൻ ഇനി അധികം വേണ്ടിവരില്ല. അതു് ഗാന്ധിജി മനസ്സിലാക്കീട്ടുണ്ടു്. അദ്ദേഹത്തെ അതു മനസ്സിലാക്കീട്ടുള്ള ഹിന്തുക്കൾ ഇവിടേയും ഉണ്ടെന്നാണ് എന്റെ വിശ്വാസം. ദിവാൻജി അവർകളോടു് ഇതിനെതിരായി വല്ലതും വല്ലവരും പറഞ്ഞിട്ടുണ്ടെങ്കിൽ അതുകൊണ്ടു അദ്ദേഹം രാജ്യത്തെ സ്ഥിതി തെറ്റിദ്ധരിക്കരുതു്. ഒന്നോ രണ്ടോ അഞ്ചോ ആളുകൾക്കുവേണ്ടി രാജ്യത്തെ പൊതുജനാഭിപ്രായം ആവശ്യപ്പെട്ടുന്ന ഈ പരിഷ്കാരം നടപ്പാക്കുവാൻ ഗവർമ്മെണ്ടു മടിച്ചുകൂടാത്തതാണ്.

ഈ നിശ്ചയം നടപ്പായാലും ഇല്ലെങ്കിലും ഗുണമുണ്ടെന്ന അഭിപ്രായക്കാണ് എനിക്കുള്ളതു്. നിശ്ചയം നടപ്പാക്കിയാൽ അയിത്തം വേഗം ഇല്ലാതായി എന്നതിനു് ഗുണം കിട്ടും. നടപ്പാക്കാതെ അയിത്തത്തെ ഇനിയും നിലനിർത്തിയാൽ അയിത്ത ജാതിക്കാരുടെ ഇടയിൽ മതത്തിനും ദൈവവിശ്വാസത്തിനും എതിരായി പടർന്നുപിടിച്ചുവരുന്ന അഭിപ്രായത്തിനു ശക്തി വേഗം

LIBRARY ARCHIVES Kerala Legislative Assembly

കൂടും. അതു് പ്രബലപ്പെട്ടാൽ പിന്നെ അയിത്തം ഇല്ലാതാക്കുവാൻ വേല വേറെ ചെയ്യേണ്ടിവരികയില്ല.

ശവമ്മെണ്ടു് ഈ നിശ്ചയം സ്വീകരിച്ചു കഴിഞ്ഞിട്ടുള്ളതാണു്. പൊളിറ്റിക്കൽ ഏജന്റു് ഈ സഭയിൽ വന്നിരുന്ന ഒരു അവസരത്തിൽ ബ്രാഹ്മണ ശ്രേഷ്ഠനായ ഒരു ദിവാൻജി ഈ നിശ്ചയം സ്വീകരിച്ചതായി പ്രസ്താവിച്ചിട്ടുണ്ടു്. പിന്നീടു് ഒരിക്കൽ ദിവാൻ സിക്കുട്ടറി അങ്ങനെ ഒരു പ്രസ്താവം ഉണ്ടായിട്ടില്ലെന്നു പറഞ്ഞു ഒഴിയുവാൻ നോക്കിയെങ്കിലും ഞാൻ അദ്ദേഹത്തെക്കാണ്ടു് അതു സമ്മതിപ്പിച്ചിട്ടുണ്ടു്. ഇന്നു ശവമ്മെണ്ടിനു് ഇതിൽനിന്നു ഒഴിയുവാൻ നിവൃത്തിയില്ല.

Mr. Joseph Pettah.—Sir, I have great pleasure in supporting this resolution, though I do not see eye to eye with all the arguments advanced by the Hon'ble mover in support of the resolution. If I were to agree or if I were to consider those arguments as valid grounds to form my mind on it, I ought to have even opposed the resolution, seeing as he said very well that it has to be a political motive. The political research would be to put Christians and other communities in an awkward position. But apart from the political significance, whatever that be, I consider that only as a small matter in this connection.

Untouchability and unapproachability are against very personality of man. I suppose there is what is called that sacredness of the human being; and why one man should be regarded as untouchable and much worse even un-approachable, passes my comprehension. So, the dignity of man requires that there should not be such invidious distinctions, be they ever so time honoured. I do not think that there will be many to oppose this resolution in that aspect. I do not think that there is any Hon'ble Member in this House who would say that unapproachability and untouchability are to be maintained. The only objection, I think, can come in this way. What has the Government to do in this matter? Is it not a general custom that prevails. Before the law, everybody is regarded as equal. The Government is not maintaining unapproachability; nor are they maintaining untouchability. That I think may be the line of argument which would be taken by the Government and perhaps also by some Hon'ble Members of this House. I admit that Government is not maintaining touchability and unapproachability. I also admit that the law of land makes no distinction between man and man. All the privileges are open to all classes and creeds alike. But rightly or wrongly, the people especially, the country-folk have got this idea that this unapproachability, untouchability and such other things sail under Government colours. That it is all maintained by the Government and that

LIBRARY ARCHIVES Kerala Legislative Assembly

it is a matter which is enforced by the Government and by His Highness the Maharaja who is considered to be the head of religion also. That is the impression rightly or wrongly that is prevailing among the country-folk. So, there is a matter of psychology also involved in this resolution. If a proclamation is issued to say that so far as the Government is concerned they abolish all these things and call upon the people also to do away with all these undesirable customs, that will go a long way in eradicating this evil from the country. Whatever be the legality of it, there is the human psychology to be taken into consideration. This misunderstanding in the minds of the people has to be cleared. This is a misunderstanding which prevails on both sides in the case of certain section of the caste Hindus. Though they may like personally to mingle with others without any unapproachability or untouchability, even they think that they are under the control of such and such customs which have not been abrogated by proper authorities. They would say that they themselves might be liable to be outcasted or might be liable to fall under the displeasure of the authorities concerned. We have to remove all this misunderstanding. That is a misunderstanding on the one side. On the other side, there is an opposite misunderstanding that they would be breaking the laws and they would be under the displeasure of the authorities concerned with all the consequences attending thereto. This double misunderstanding could be easily removed by a proclamation and if necessary, let this proclamation be published by tom tom in every village. I don't think the Government stand to lose anything. There is no financial commitment as the Hon'ble Mover said and after all it is not very difficult. I do not find any valid argument that the Government can bring forward against this resolution.

Now, they may say it is the prerogative of His Highness the Maharaja and what has the Government in the matter. Again, there may be another objection. But our request is that the Government or the advisers of His Highness the Maharaja may advise him in this matter and may offer a humble suggestion to him in this matter that the people feel in this country in this fashion, their accredited representatives of this House feel in this way and it is their request to His Highness the Maharaja that he would be very graciously pleased to issue a proclamation which is contemplated by this resolution. We have not got the right to issue a proclamation in this matter. But His Highness can, and the Government of His Highness can very well, His Highness the Maharaja in this matter, and they can bring to his notice how the people feel in these days in this particular respect and how this House feels in this particular matter. And I am sure that if things are properly represented to His Highness, he will

LIBRARY ARCHIVES Kerala Legislative Assembly

without a moment's delay, issue the necessary proclamation which would redound to such great happiness of all classes of His Highness' beloved subjects. In that way, as the Hon'ble mover has said, Cochin will be setting an example to other States as we have done in some other respects. There is nothing to be lost and much to be gained and therefore Government will accept this resolution and carry it into effect at the earliest possible opportunity.

Mr. E. Ikkanda Warriar.—Sir, I also support this resolution. I do not deliberately make a speech because I do not know why we should make a speech at all on this question. This question has been discussed in this Council several times and Government have accepted it. Except to remind them of the promise that they have given us, I do not think a speech is called for. In that view, I do not propose to make a speech. Otherwise, we will have to imagine all sorts of reasons which may or may not exist in the minds of the Government and then begin to answer them. The Government will never say what their difficulties are. They were making this promise for the last 5 or 6 years. We are progressing every day. Conversions are every day going on and I do not think that 5 per cent of the caste Hindus will maintain that this obnoxious practice should be continued. And in that light, I do not know why the Government fight shy of this question. If the Council had power, we would certainly have brought a Bill and passed it. But we are helpless. We can only make representations like this and we can only request the Government. With these few words, I wholeheartedly support this resolution.

Rama Varmha Tampuran.—The question has come up here several times before and I do not want to add much. I would rest content with saying that the question is engaging the attention of the Government.

മിസ്റ്റർ കെ. അയ്യപ്പൻ.—ശ്രീമാന്റെ ഈ നിശ്ചയത്തിനു് അനുകൂലമായിരിക്കുന്നതുകൊണ്ടു് ആ അനുകൂലഭാവത്തിന്റെ ശക്തിയൊന്നു കൂട്ടുന്നതിനായിട്ടു ഞാൻ ഇതിനെ പ്രസ്സു ചെയ്യുന്നു.

Resolution put and carried.

Mr. K. Ayyappan.—Poll, Sir.

The House divided—Ayes 16 and Noes 9.

Ayes.

1	Mr. K Ayyappan,	9	Mr. M Krishna Menon,
2	,, M A Chakko,	10	,, P Kumaran Ezhuthassan,
3	,, A Eachara Menon,	11	,, K T Mathew,
4	Dr. A G Menon,	12	,, M K Raman,
5	Mr. E Ikkanda Warriar,	13	Dr. A R Menon,
6	,, Joseph Pettah,	14	,, K Sankara Menon,
7	,, P S Kesavan Nambudiri,	15	Mrs. Swaris,
8	,, P Krishna Menon,	16	Mr. K P Vallon.

LIBRARY ARCHIVES Kerala Legislative Assembly

Noes.

1. Mr. K Achyuta Menon.
2. ,, M P Cherian,
3. ,, C J Mathew,
4. ,, T Narayana Menon,
5. Mr. P Nilakanta Menon,
6. Dr. D Raghavendra Rao,
7. Rama Varmha Tampuran,
8. Mr. P V Raphael,
9. Mr. Thomas Manjuran.

Selection of candidates on communal basis for appointments in Government Service.

മിസ്റ്റർ കെ. ടി. മാത്യു.—സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.

"*This Council recommends to the Government to adopt mutatis mutandis the rules recently published by the Grovenment of Madras regulating the order of communal representation in selecting candidates with requisite qualifications for appointments in Government Service*".

ഈ നിയമസഭ ഇവിടെ തുടങ്ങിയ കാലം മുതൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം ഗവമ്മെണ്ടു സർവ്വീസിൽ കൊടുത്തു് സമുദായങ്ങൾ തമ്മിൽ ഭിന്നിപ്പിക്കാതെ കൊണ്ടുപോകണമെന്നു ഗവമ്മെണ്ടിനോടു പലപ്രാവശ്യവും ഈ നിയമസഭയിൽനിന്നു ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതു് എത്രയും ആവശ്യമാണെന്നുള്ള സംഗതി മനസിലാക്കി ഗവമ്മെണ്ടു ഇതിൽ വേണ്ടതു ചെയ്യുന്നതാണെന്നു നിയമസഭയോടു പലപ്രാവശ്യം പറയുകയുണ്ടായിട്ടുണ്ടു്. വേണ്ട കാര്യങ്ങൾ വേണ്ടതായ രീതിയിൽ ചെയ്യുന്നതാണു് നല്ലതു്. ഗവമ്മെണ്ടിൽനിന്നും ഒരു "അഷ്വറൻസു്" തരുമ്പോൾ അതിൽനിന്നും മനസിലാക്കേണ്ടതു് ഗവമ്മെണ്ടു ആ വിഷയത്തിൽ ആവശ്യമായ നടപടി നടത്തുമെന്നാണു്. ഗവമ്മെണ്ടു ഈ മുൻപറഞ്ഞ കാര്യത്തിൽ വേണ്ടതു് താമസിക്കാതെ ചെയ്യുന്നതാണെന്നു മറുപടി പറഞ്ഞിട്ടു വളരെ കാലമായി. ദിവസമല്ല, ആഴ്ചയല്ല, മാസമല്ല, കൊല്ലം തന്നെ കഴിഞ്ഞിരിക്കുന്നു. ഒരു പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ഉടനെ നിശ്ചയിക്കാമെന്നു പറഞ്ഞിട്ടു വളരെ കാലമായി. ഗവമ്മെണ്ടു തരുന്ന അഷ്വറൻസു് നടപ്പിൽ വരുത്തുവാൻ സാധിക്കാതേയോ, മനസില്ലാതേയോ എന്തു തന്നെയായാലും കാര്യം ഇങ്ങനെ നീട്ടിനീട്ടിക്കൊണ്ടുപോകുകയാണു് ചെയ്യുന്നതു്. ഒരു സംഗതി ഗവമ്മെണ്ടു ഇന്നവിധത്തിൽ ചെയ്യാമെന്നു വാഗ്ദത്തം ചെയ്തു കഴിഞ്ഞാൽ അതിലേക്കു എന്തു തന്നെ എതിരു വന്നാലും അവയെയെല്ലാം ജയിച്ചു വാഗ്ദത്തം പരിപാലിക്കേണ്ടതാണു്. വാക്കുദത്തങ്ങൾ പരിപാലിയ്ക്കുവാനുള്ള ശക്തി ഒരു ഗവമ്മെൻറിനില്ലെങ്കിൽ ആ ഗവമ്മെൻറിനെ പൊതുജനങ്ങൾ ബഹുമാനിക്കുമോ ഇന്നു് ഈ രാജ്യത്തെ ജനങ്ങൾ ഗവമ്മെൻറിന്റെ വാക്കുദത്തങ്ങൾ വിശ്വസിച്ചു് അനങ്ങാതെയിരിക്കുന്നു. കാര്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly